# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2056　　　12.02.2013 ൽ മറുപടിക്ക്

## എയർകേരളയുടെ രൂപീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ശ്രീ. എളമരം കരീം:<br>ശ്രീ. ജെയിംസ് മാത്യു:<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ:<br>ശ്രീ. പി.റ്റി.എ. റഹിം: | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | എയർലൈൻസ് ആരംഭിക്കുന്നതിനുള്ള കേന്ദ്ര മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; ഇത് പരിഗണിച്ചതിനുശേഷമാണോ എയർകേരള രൂപീകരണം സംബന്ധിച്ച പ്രഖ്യാപനം നടത്തിയത് എന്നറിയിക്കുമോ; | (എ) | കേന്ദ്രസർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തരമേഖലയിലെ പ്രവൃത്തിപരിചയവും 20 വിമാനങ്ങളും കമ്പനിക്കാവശ്യമാണ്. ഈ നിബന്ധനകളിൽ ഇളവിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണം എന്നും തീരുമാനിച്ചാണ് പദ്ധതി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചത്. |
| (ബി) | കേന്ദ്ര മാനദണ്ഡങ്ങളിൽ ഇളവ് ആവശ്യമായി വരുമോ; | (ബി) | കേന്ദ്ര മാനദണ്ഡങ്ങൾക്ക് ഇളവ് ആവശ്യമാണ്. |
| (സി) | എങ്കിൽ ഇതു സംബന്ധിച്ച ആവശ്യങ്ങൾ കേന്ദ്രസർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (സി) | ഉണ്ട്. കേന്ദ്രവ്യോമയാന മന്ത്രിക്ക് ഇത് സംബന്ധിച്ച് മുഖ്യമന്ത്രി കത്തയച്ചിട്ടുണ്ട്. |
| (ഡി) | എയർകേരള ഡയറക്ടർ ബോർഡിൽ ഇപ്പോൾ എത്ര അംഗങ്ങൾ ഉണ്ട്; അവർ ആരൊക്കെയാണ് വ്യക്തമാക്കുമോ; | (ഡി) | എട്ട് അംഗങ്ങൾ ഉണ്ട്. മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി, വ്യവസായ വകുപ്പ് മന്ത്രി ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി, ധനകാര്യ വകുപ്പ് മന്ത്രി ശ്രീ. കെ.എം.മാണി, മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പമന്ത്രി ശ്രീ. കെ. ബാബു, പ്രവാസി മലയാളി കാര്യവകുപ്പ് മന്ത്രി ശ്രീ. കെ.സി.ജോസഫ്, മാനേജിംഗ് ഡയറക്ടർ ശ്രീ.വി.ജെ. കുര്യൻ ഐ.എ.എസ്, EMKE Group ന്റെ മാനേജിംഗ് ഡയറക്ടർ ശ്രീ. യൂസഫലി, Synthite Group ന്റെ മാനേജിംഗ് ഡയറക്ടർ ശ്രീ. സി.വി. ജേക്കബ് എന്നിവരാണ് എയർ കേരള ഡയറക്ടർ ബോർഡംഗങ്ങൾ. |

സെക്ഷൻ ഓഫീസർ